കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് നിയമനം

35 (35) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് NCA (LC) വിഭാഗത്തിൽ കണ്ണൂർ, കാസർഗോഡ്, കൊല്ലം, ആലപ്പുഴ ജില്ലകളിൽ നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട്ചെയ്യ കിട്ടിയിട്ടുണ്ട് ;

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ മുതലായ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത തസ്തികയിലേയ്ക്കുള്ള നിയമനം എന്നത്തേയ്ക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ NCA(LC) വിഭാഗത്തിൽ കണ്ണൂർ, കാസർഗോഡ്, കൊല്ലം, ആലപ്പുഴ ജില്ലകളിൽ നിലവിൽ ഒരു ഒഴിവ് വീതം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) കൊല്ലം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ പ്രസ്തുത തസ്തികയുടെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ പൂർത്തിയായിട്ടുണ്ട്.

(സി) തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഉദ്യോഗാർത്ഥികൾക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകുന്നതാണ്.

നടപ്പിലാക്കാത്ത പ്രഖ്യാപിത പദ്ധതികൾ

36 (36) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ പ്രഖ്യാപിത പദ്ധതികളിൽ നാളിതുവരെ നടപ്പിലാക്കിയിട്ടില്ലാത്തവ സംബന്ധിച്ച് സമഗ്രമായ വിലയിരുത്തൽ നടത്തുമെന്ന് ഉറപ്പ് നല്കിയിട്ടുണ്ടായിരുന്നുവോ ;

(ബി) സമഗ്രമായ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ എപ്പോൾ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; നടപ്പിലാക്കാത്ത പദ്ധതികളുടെ വകുപ്പടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) ബഡ്ജറ്റിന് പുറത്ത് സർക്കാർ പ്രഖ്യാപിച്ച ആവശ്യം പദ്ധതികൾ

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കുന്നതിന് വേണ്ടി വരുന്ന ചെലവുകൾ പദ്ധതിയടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ഡി) നടപ്പിലാക്കാത്ത പദ്ധതികളുടെ സമഗ്രമായ വിലയിരുത്തലിന് ആരെയായിരുന്നു ചുമതലപ്പെടുത്തിയിരുന്നത് ; ചുമതലയനുസരിച്ച് സ്വീകരിക്കപ്പെട്ട നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

37 (37) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ഈ സർക്കാർ എത്ര തുക അനുവദിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഇനത്തിൽ കഴിഞ്ഞ സർക്കാർ എത്ര തുക വിനിയോഗിച്ചു എന്ന് ജില്ല തിരിച്ച് നല്കാമോ ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ഈ സർക്കാർ ആകെ 361,65,64,590 രൂപ (മുന്നൂറ്റി അറുപത്തൊന്ന് കോടി അറുപത്തിയഞ്ച് ലക്ഷത്തി അറുപത്തിനാലായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ഇതിൽ 332,38,41,800 രൂപ (മുന്നൂറ്റി മുപ്പത്തി രണ്ടുകോടി മുപ്പത്തിയെട്ടു ലക്ഷത്തി നാൽപ്പത്തൊയിരത്തി എണ്ണൂറു രൂപ) ജില്ലാ കളക്ടർമാർക്കായി അനുവദിച്ചതാണ്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം-എ ആയി ഉൾപ്പെടുത്തിയിരിക്കുന്നു*.

(ബി) പ്രസ്തുത ഇനത്തിൽ കഴിഞ്ഞ സർക്കാർ ആകെ 120,24,96,038 (നൂറ്റിയിരുപത് കോടി ഇരുപത്തിനാല് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി മുപ്പത്തിയെട്ട് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ഇതിൽ ജില്ലകൾക്കായി അനുവദിച്ച ആകെ തുക 98,62,96,211 (തൊണ്ണൂറ്റി എട്ടുകോടി അറുപത്തിരണ്ടു ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി ഇരുന്നൂറ്റി പതിനൊന്ന് രൂപ മാത്രം) രൂപയാണ്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം-ബി ആയി ഉൾപ്പെടുത്തിയിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly